# ANNEXURE - 5

## കേരള വനം വകുപ്പ്

## പത്ര കുറിപ്പ്

പാരിസ്ഥിതിക മൂല്യങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് മെച്ചപ്പെട്ട വനസംരക്ഷണം, വനപരിപാലനം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ കേരളത്തിലെ വനങ്ങളിൽ ഉറപ്പാക്കുന്നതിന് കേരള വനം വകുപ്പിൽ നടപ്പാക്കേണ്ട ആധുനികവല്ക്കരണം സംബന്ധിച്ച് സർക്കാരിന് ശുപാർശകൾ സമർപ്പിക്കുന്നതിലേയ്ക്കായി കേരള സർക്കാർ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. വനസംരക്ഷണ ജീവനക്കാർക്ക് നൽകേണ്ട അടിസ്ഥാന സൗകര്യങ്ങൾ, അനുബന്ധ സംവിധാനങ്ങൾ, ഉപയോഗത്തിൽ വരുത്തേണ്ട ആധുനിക സങ്കേതങ്ങൾ, സംരക്ഷണ ഉദ്യോഗസ്ഥരുടെ എണ്ണം, ഉദ്യോഗസ്ഥ തലത്തിൽ വരുത്തേണ്ട മാറ്റങ്ങൾ, ഉദ്യോഗസ്ഥരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ, വനഗവേഷണം എന്നീ വിഷയങ്ങളിലും സർവ്വഥാ വനപരിപാലനത്തിന് ഒരു പുതിയ ദിശാബോധം ആവശ്യമെങ്കിൽ ആയത് എന്തായിരിക്കണം എന്നീ കാര്യങ്ങൾ വിശകലനം ചെയ്ത് ശുപാർശകൾ സമർപ്പിക്കുന്നതിനായാണ് വിദഗ്ദ്ധ കമ്മിറ്റിക്ക് രൂപം നൽകിയിരിക്കുന്നത്. വനം, പരിസ്ഥിതി തുടങ്ങിയ വിഷയങ്ങളിൽ വ്യക്തവും ശക്തവുമായ അഭിപ്രായം കേരളത്തിലെ പൊതുജനങ്ങൾക്ക് ഉണ്ട് എന്ന സാഹചര്യത്തിൽ ശുപാർശകൾക്ക് രൂപം നൽകുന്നതിന് മുന്നോടിയായി മേൽപ്പറഞ്ഞ മേഖലകളിൽ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും ശുപാർശകളും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതയ്ക്കാട്, തിരുവനന്തപുരം – 695 014 എന്ന വിലാസത്തിലോ, ccf-vig@forest.kerala.gov.in എന്ന ഇമെയിൽ വിലാസത്തിലോ 2010 സെപ്റ്റംബർ മാസം അവസാനത്തിന് മുൻപായി അറിയിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

ഒപ്പ്

തീയതി: 15.09.2010

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
തിരുവനന്തപുരം